# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 4

# വാർത്താക്കുറിപ്പ്

## സെനറ്റ് തെരഞ്ഞെടുപ്പ് മാറ്റി

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്കും വിദ്യാർഥി കൗൺസിലിലേക്കും യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ കൗൺസിൽ പ്രതിനിധികൾക്കായി നടത്തുന്ന തെരഞ്ഞെടുപ്പ് ഒക്ടോബർ 21ലേക്ക് മാറ്റി. ബന്ധപ്പെട്ട സർവകലാശാല സെക്ഷനിലെ ചില ഉദ്യോഗസ്ഥർക്ക് കോവിഡ് ബാധിച്ച സാഹചര്യത്തിലും തുടർന്നുള്ള നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലുമാണ് ഒക്ടോബർ 11ന് നടത്താൻ നിശ്ചയിച്ചിരുന്ന തെരഞ്ഞെടുപ്പ് മാറ്റിവച്ചത്.

(പി.ആർ.ഒ/39/1017/2021)

## അപേക്ഷാ തീയതി

മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. 2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ എട്ടുവരെയും 525 രൂപ പിഴയോടെ ഒക്ടോബർ 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 12 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ സെമസ്റ്ററിന് 30 രൂപ അപേക്ഷഫോമിന്റെ വിലയും പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായും പരീക്ഷഫീസിന് പുറമെ അടയ്ക്കണം. epay.mgu.ac.in എന്ന പോർട്ടൽ വഴി ഓൺലൈനായാണ് ഫീസടയ്ക്കേണ്ടത്. ബി.എ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 4 (പരീക്ഷ)നും ബി.കോം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 10 (പരീക്ഷ)നുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(പി.ആർ.ഒ/39/1018/2021)

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ ഒക്ടോബർ അഞ്ചിന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം) 2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ എട്ടിന് നടക്കും. പരീക്ഷ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/1019/2021)

## പരീക്ഷ തീയതി

ഒന്നും രണ്ടും സെമസ്റ്റർ എം.എസ് സി. (പ്രൈവറ്റ് രജിസ്ട്രേഷൻ - 2018, 2017, 2016, 2015 അഡ്മിഷൻ - സപ്ലിമെന്ററി/ 2014 അഡ്മിഷൻ - മേഴ്സി ചാൻസ്) 2004-2011 അഡ്മിഷൻ (നോൺ സി.എസ്.എസ്.) റഗുലർ (കോളേജ് സ്റ്റഡി) അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ്) പരീക്ഷയുടെ - Z204 - മൈക്രോബയോളജി ആന്റ് ഇമ്മ്യൂണോളജി എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 25ന് നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1020/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ സ്പെഷൽ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

2020 നവംബറിൽ നടന്ന അവസാന വർഷ മാസ്റ്റർ ഓഫ് ഫിസിയോ തെറാപ്പി സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1022/2021)

2021 മാർച്ചിൽ സ്കൂൾ ഓഫ് ബയോസയൻസസ് നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ് സി. ബയോസയൻസസ് (2019-21 - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1023/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഫാർമിംഗ്, ആർട്ട് ഓഫ് ഹാപ്പിനെസ്സ് , യോഗിക് സയൻസ്, എന്നീ കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദ വിവരത്തിന് ഫോൺ: 8301000560, 9544981839

(പി.ആർ.ഒ/39/1024/2021)

## ജോബ് മൈക്കിൾ എം.എൽ.എ. എം.ജി. സിൻഡിക്കേറ്റിൽ

അഡ്വ. ജോബ് മൈക്കിൾ എം.എൽ.എയെ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായി. എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ എൽ.എൽ.എം. വിദ്യാർഥി ജസ്റ്റിൻ ജോസഫിനേയും സിൻഡിക്കേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടെ വിവിധ മേഖലകളിൽ നിന്ന് നാമനിർദ്ദേശം ചെയ്ത 18 അംഗങ്ങളാണ് സിൻഡിക്കേറ്റിൽ ഉണ്ടാവുക. ഇതുകൂടാതെ വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, ഉന്നത വിദ്യാഭ്യാസം, ധനകാര്യം, ഇൻഫർമേഷൻ ടെക്നോളജി വകുപ്പുകളുടെ സെക്രട്ടറിമാർ, കൊളേജിയറ്റ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ സിൻഡിക്കേറ്റിലെ എക്സ് ഒഫീഷ്യോ അംഗങ്ങളാണ്.

(പി.ആർ.ഒ/39/1025/2021)

## ഗാന്ധിജയന്തി വാരാഘോഷം

ഗാന്ധി ജയന്തി വാരാഘോഷ പരിപാടികൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുടക്കമായി. സർവകലാശാലയുടെ സ്ഥാപക ദിനം കൂടിയായ ഗാന്ധിജയന്തി ദിനത്തിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് -ചാൻസലർ പ്രഫ. സി.റ്റി. അരവിന്ദ കുമാർ ഉദ്ഘാടനം ചെയ്തു. സാധാരണക്കാരായ ജനങ്ങൾക്ക് ഗാന്ധിജിയെ അടുത്തറിയുന്നതിന് സഹായകമാകുന്ന വിധത്തിൽ ആരംഭിക്കുന്ന "മഹാത്മാ ഗന്ധി - ജീവിതവും ദർശനവും" എന്ന കോഴ്സിൻ്റെ ഉത്ഘാടനവും ചടങ്ങിൽ നടന്നു. സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ അധ്യക്ഷത വഹിച്ചു. മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് പ്രൊഫസർ ഡോ അനന്തകുമാർ ഗിരി മുഖ്യ പ്രഭാഷണം നടത്തി. ഡോ ബിജു ലക്ഷ്മണൻ, ഡോ ഷൈല എബ്രഹാം, ഡോ സി ആർ ഹരിലക്ഷ്മീന്ദ്ര കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. പാമ്പാടി കുര്യാക്കോസ് ഗ്രീഗോറിയസ് കോളേജ് മായി ചേർന്നാണ് സർവകലാശാല ഗാന്ധിയൻ സ്റ്റഡീസ് ഡിപ്പാർട്മെന്റ് ഈ പരിപാടി സംഘടിപ്പിച്ചത്.

വരാഘോഷത്തിന്റെ ഭാഗമായി ഞായറാഴ്ച വൈകിട്ട് ആറിന് പ്രൊഫ എം പി മത്തായി പ്രഭാഷണം നടത്തും തുടർ ദിവസങ്ങളിലായി ഡോ ശശികല, ഡോ എ വി ജോസഫ്, റവ ഡോ കെ എം ജോർജ്, ഡോ ജോസഫ് മാത്യു, റവ ഡോ സജി വർഗീസ്, ഡോ കെ പി ശങ്കരൻ തുടങ്ങിയവർ വിവിധ സെമിനാറുകൾ നയിക്കും. ഒക്ടോബർ എട്ടിന് വരാഘോഷം സമാപിക്കും. ഡോ. സി. ആർ. ഹരിലാക്ഷമീന്ദ്ര കുമാറിനാണ് പരിപാടികളുടെ ഏകോപന ചുമതല.

രാവിലെ സർവ്വകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വൈസ് ചാൻ സലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ ഗാന്ധി പ്രതിമയിൽ ഹാരാർപ്പണം നടത്തി.

## ഫോട്ടോ ക്യാപ്ഷൻ

**ഗാന്ധിജയന്തിയോടനുബന്ധിച്ച് സർവ്വകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ ഗാന്ധി പ്രതിമയിൽ ഹാരാർപ്പണം നടത്തുന്നു**

(പി.ആർ.ഒ/39/1026/2021)

## ബി.എഡ്, പി.ജി സാധ്യതാ അലോട്ട്മെന്റ് ലിസ്റ്റ്

മഹാത്മാഗാന്ധി സർവ്വകലാശാല ഒന്നാം സെമസ്റ്റർ ബി.എഡ്, ബിരുദാനന്തര - ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള സാധ്യത അലോട്ട്മെൻ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ്

cap.mgu.ac.in എന്ന വെബ് സൈറ്റിൽ പരിശോധിക്കാം. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള അവസരം ഒക്ടോബർ 8 ന് വൈകിട്ട് 4 മണി വരെ ലഭിക്കും. ഇതു വരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്ക് അപേക്ഷിക്കുന്നതിനും ഒക്ടോബർ 8 ന് വൈകിട്ട് 4 വരെ അവസരമുണ്ട്.

(പി.ആർ.ഒ/39/1027/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ